**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജി. സുധാകരനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1715/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 25.05.2017

==========================================================================

പരാമർശം:
1. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ 07.01.2010-ലെ അന്വേഷണ റിപ്പോർട്ട്
2. സർക്കാരിന്റെ 09.06.2010-ലെ 10602/ഇപിബി2/2010/തസ്വഭവ നമ്പർ കുറ്റപത്രം
3. സർക്കാരിന്റെ 22.03.2012-ലെ 10602/ഇപിബി2/2010/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീ. ജി. സുധാകരൻ സമർപ്പിച്ച 03.05.2012-ലെ മറുപടി
5. പഞ്ചായത്ത് ഡയറക്ടറുടെ 22.12.2015-ലെ ഡി3-23374/2014 നമ്പർ കത്ത്

**ഉത്തരവ്**

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ വി.പി.1551 നമ്പർ കെട്ടിടത്തിന് 22.10.1999- ലെ പഞ്ചായത്ത് ചുമത്തിയ നികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവയിൽ നിന്നും അനുകൂലവിധി സമ്പാദിച്ചിട്ടും, പഞ്ചായത്ത് നികുതി പുനർനിർണ്ണയം ചെയ്തിട്ടില്ലായെന്ന് കാണിച്ച് കെട്ടിട ഉടമയായ ഡോ. പി. ചന്ദ്രസേനൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

ബഹു. ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കാതെയിരുന്നതിന് ഉത്തരവാദികളായവരിൽ, 20.07.2006 മുതൽ 15.03.2007 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജി. സുധാകരൻ കൃത്യവിലോപം വരുത്തിയിട്ടുണ്ടെന്ന് വ്യക്തമായതിനാൽ, ടിയാന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകിയിരുന്നുവെങ്കിലും ടിയാൻ 03/05/2012-ന് സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 (ബി) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം രണ്ട് വർഷത്തേയ്ക്ക് തടഞ്ഞ് കൊണ്ട് താല്ക്കാലികമായി തീരുമാനിച്ച് ടിയന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

പരാമർശം (4) പ്രകാരം ശ്രീ. സുധാകരൻ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുകയും അതിന്മേൽ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ മുൻ വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് നിലവിൽ തിരുവനന്തപുരം നഗരസഭയുടെ ഭാഗമായതിനാൽ ബന്ധപ്പെട്ട ഫയലുകളും രേഖകളും ലഭ്യമായിട്ടില്ലെന്ന് അറിയിക്കുകയും ഉണ്ടായി.

ശ്രീ. ജി. സുധാകരൻ വിഴിഞ്ഞ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ പരാതിക്കാരൻ പഞ്ചായത്ത് ഓഫീസിൽ എത്തിയിരുന്നുവെന്നും എന്നിട്ടും ടിയാന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടില്ല എന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചാൽ മാത്രമേ ശ്രീ. സുധാകരനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനാവൂ. അല്ലാത്തപക്ഷം അച്ചടക്ക നടപടി തീർപ്പാക്കൽ പ്രക്രിയയിൽ ആരോപണ വിധേയനായ ഉദ്യോഗസ്ഥന്റെ അവകാശങ്ങളുടെയും സ്വാഭാവിക നീതിയുടെയും നിഷേധമാകും. ഈ സാഹചര്യങ്ങൾ പരിഗണിച്ച് വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുധാകരനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ജി. സുധാകരൻ, മുൻ സെക്രട്ടറി, വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.10602/ഇപിബി2/2010/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ